തെരുവുവിളക്കുകൾ ദീർഘകാലമായി കത്തുന്നില്ല എന്ന പരാതി

97(1000) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിലെ വഞ്ചിയൂർ വാർഡിൽ ചെട്ടികുളങ്ങര-കുന്നുംപുറം പ്രദേശത്ത് തെരുവുവിളക്കുകൾ ദീർഘകാലമായി കത്തുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്ത് തെരുവുവിളക്കുകൾ തെളിയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വൈദ്യുതി സെക്ഷനുകൾക്ക് നൽകുമോ ?

ഉത്തരം

(എ) അഞ്ച് തെരുവുവിളക്കുകൾ കത്താത്തവയായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്പെയർപാർട്ടുകളുടെ അഭാവംമൂലമാണ് ഇവ കത്തിക്കുവാൻ സാധിക്കാത്തത്. സ്പെയർപാർട്ടുകൾ ലഭ്യമാക്കുവാൻ 24-12-99-ൽ കോർപ്പറേഷൻ അധികൃതർക്ക് ബോർഡ് കത്തയച്ചിട്ടുണ്ട്. അവ ലഭ്യമായാൽ എത്രയും വേഗം കത്തിക്കുന്നതാണ്.

വർക്കല 66 കെ.വി. സബ് സ്റ്റേഷൻ

98(1001) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി വികസിപ്പിക്കുന്ന പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ജോലി നടത്തിപ്പിന് കാലതാമസം വരുത്തുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ ജോലി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എന്നേയ്ക്ക് പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടേൺ-കീ അടിസ്ഥാനത്തിൽ കരാറുകൊടുക്കുന്നതിനുള്ള ടെൻഡറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) കാലതാമസം വരുത്തിയിട്ടില്ല. റാറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ നിബന്ധനകൾപ്രകാരം ടേൺ-കീ അടിസ്ഥാനത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷന്റെ ജോലികൾ മൊത്തമായി കരാർ കൊടുക്കേണ്ടതുണ്ട്. വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ കരാർ ഏർപ്പെടുത്തി ജോലി ആരംഭിക്കുന്നതിനേക്കാൾ കാലതാമസം ടേൺ - കീ അടിസ്ഥാനത്തിൽ ജോലി ആരംഭിക്കുന്നതിന് വരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2001-ാം ആണ്ട് മാർച്ച് മാസം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ലക്ഷംവീട് കോളനികൾക്ക് വൈദ്യുതി കണക്ഷൻ

99(1002) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷംവീട് കോളനികളിലേയും മറ്റ് ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലേയും ജനങ്ങൾ മിനിമം ഗ്യാരന്റി വച്ച് പണം അടച്ച് വർഷങ്ങൾക്കുശേഷവും വൈദ്യുതി കണക്ഷൻ കിട്ടാതിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും അതാത് വർഷത്തെ സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി തീരുമാനിക്കുന്ന ടാർജറ്റ് അനുസരിച്ചാണ് മിനിമം ഗ്യാരന്റി ജോലികൾ ചെയ്യുന്നത്. ഇതുമൂലമാണ് മിനിമം ഗ്യാരന്റി ജോലികൾ ചെയ്യുവാൻ കാലതാമസം നേരിടുന്നത്. ഈ വർഷം 31-3-1994 വരെ മിനിമം ഗ്യാരന്റി വെച്ച ജോലികൾ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതനുസരിച്ചുള്ള ജോലികൾ ചെയ്തുവരുന്നു.

കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിനുള്ള ഇന്ധനം

100(1003) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിന് ഇന്ധനം നൽകുവാൻ ഏതൊക്കെ കമ്പനികളാണ് ഓഫറുകൾ നൽകിയിരുന്നത് ;

(ബി) ഓരോ കമ്പനികളും നൽകിയ ഓഫറുകൾ വിശദീകരിക്കുമോ ;

(സി) ഇതിൽ ഏത് കമ്പനിക്കാണ് കരാർ നൽകിയത് ;

(ഡി) കൂടിയ വിലയ്ക്ക് ഇന്ധനം വാങ്ങുക വഴി കെ.എസ്.ഇ.ബി.ക്ക് നഷ്ടം ഉണ്ടാവുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly